(ബി) കോഴിക്കോട് ജില്ലയിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിലില്ലാത്ത പഞ്ചായത്തുകൾ താഴെപ്പറയുന്നവയാണ്. ഒളവണ്ണ, ഓമശ്ശേരി, കാരശ്ശേരി, തിരുവമ്പാടി, കൊടിയത്തൂർ, തലക്കളത്തൂർ, ആലഞ്ചേരി, തുവ്വൂർ. കാവിലംപാറ, ചെങ്ങരോത്ത്, പുറമേരി, കായക്കോടി, ചെങ്ങോട്ടുകര, പനങ്ങാട്, നരിപ്പറ്റ, തിരുവള്ളി, കൂരാച്ചുണ്ട്, മരുതുക്കര, കീഴറിയൂർ, വേലം, വലിയപ്പിള്ളി, ചെക്കിയോട്.

(സി) പഞ്ചായത്തടിസ്ഥാനത്തിലല്ല ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നത്. സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പാട്യം ഗോപാലൻ മെമ്മോറിയൽ ഹൈസ്കൂൾ സർക്കാർ ഏറ്റെടുക്കാൻ നടപടി

103 [2993] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര ഹൈസ്കൂളുകളും ഹയർസെക്കണ്ടറി സ്കൂളുകളും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ, സ്വാശ്രയ സ്കൂളുകൾ, പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകൾ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ ചെറുവാഞ്ചേരിയിലെ പാട്യം ഗോപാലൻ മെമ്മോറിയൽ ഹൈസ്കൂൾ പഞ്ചായത്ത് നിയന്ത്രണത്തിലായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്കൂൾ സർക്കാർ ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി വിശദീകരിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 187 ഹൈസ്കൂളുകളും അതിൽ 109 സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിഭാഗവും ഉണ്ട്.

(ബി) പട്ടികയായി ചുവടെ ചേർക്കുന്നു.

	ഗവൺമെന്റ്	എയ്ഡഡ്	പഞ്ചായത്ത് മനേജ്മെന്റ്	അൺ എയ്ഡഡ്/ സ്വാശ്രയം	ആകെ
ഹൈസ്കൂളുകൾ	83	78	3	23	187
ഹയർ സെക്കണ്ടറി വിഭാഗം ഉള്ള ഹൈസ്കൂളുകൾ	62	27	1	19	109

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി സ്കൂൾ പഞ്ചായത്ത് മാനേജ്മെന്റിന്റെ നിയന്ത്രണത്തിലുള്ളതാണ്.

(ഡി) പാട്യം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പാട്യം ഗോപാലൻ മെമ്മോറിയൽ ഹൈസ്കൂൾ ഏറ്റെടുക്കാൻ സന്നദ്ധമാണെന്ന് 26-2-2000-ലെ ജി. ഒ. (ആർ. ടി.) നം. 794/2000/പൊ. വി. വ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സ്കൂളും ജീവനക്കാരെയും ഏറ്റെടുക്കാനുള്ള അന്തിമ ഉത്തരവ് പി. എസ്. സി.-യുമായി ആലോചിച്ചതിനുശേഷം പുറപ്പെടുവിക്കുന്നതാണ് എന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്.

അടൂർ ഐ. എച്ച്. ആർ. ഡി. കോളേജിലെ റാഗിംഗ്

104 [2994] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ ഐ. എച്ച്. ആർ. ഡി. കോളേജിൽ അപ്ലൈഡ് സയൻസിൽ പഠിക്കുന്ന മെയ്ബെൻ കുര്യൻ എന്ന വിദ്യാർത്ഥിനിയെ റാഗ് ചെയ്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിന്ന് എന്തെങ്കിലും വിധി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പ്രസ്തുത കോളേജിലെ പ്രിൻസിപ്പൽ, റാഗ് ചെയ്ത വിദ്യാർത്ഥിനിയെ സഹായിച്ചു എന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പാളിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഐ. എച്ച്. ആർ. ഡി.-യുടെ അടൂർ അപ്ലൈഡ് സയൻസ് കോളേജിൽ 1999-2000 വർഷത്തിൽ ബി. എസ് സി. ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിനിയായിരുന്ന കുമാരി മെബെല്ലാ കുര്യനെ, കോളേജിലെ സീനിയർ വിദ്യാർത്ഥിയായിരുന്ന മിഥുൻ കൃഷ്ണൻ റാഗ് ചെയ്തു എന്നാരോപിച്ച് വിദ്യാർത്ഥിനിയുടെ പിതാവ് ശ്രീ. കുര്യൻ ജോർജ്ജ് അടൂർ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ CC 456/2000 നമ്പരായി പ്രിൻസിപ്പാളിനും വിദ്യാർത്ഥിക്കുമെതിരായി ഒരു കേസ് ഫയൽ ചെയ്യുകയുണ്ടായി. ഇതിനെതിരായി മിഥുൻ കൃഷ്ണൻ CRLMC No. 6664/2000 നമ്പരായി ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ പരാതിക്കാരന്റെ മകൾക്ക് 20,000 രൂപ നൽകാൻ ഉത്തരവായി. അതിൻപ്രകാരം മിഥുൻ കൃഷ്ണൻ തുക നൽകുകയും ഈ വിവരം കോടതിയെ അറിയിക്കുകയും ചെയ്തു. തുടർന്ന് കോടതിയുടെ CRLMA 13493/2004 ഉത്തരവ് പ്രകാരം കീഴ്ക്കോടതിയിൽ ഇതിൻമേലുള്ള എല്ലാ നടപടികളും അവസാനിപ്പിച്ച് ഉത്തരവായി. അതിനാൽ ഇതിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടിവന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly